(സി) ഈ വർഷം തന്നെ മഞ്ചേശ്വരം താലൂക്കിലെ ഉപ്പള, കുമ്പള എന്നിവിടങ്ങളിൽ പുതിയ സ്റ്റാമ്പ് വെണ്ടർമാരെ നിയോഗിക്കാൻ നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്ത് ഇ-സ്റ്റാമ്പിങ് പൂർണ്ണമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഈ സാഹചര്യത്തിൽ നിലവിൽ പുതിയ സ്റ്റാമ്പ് വെണ്ടർ ലൈസൻസ് നൽകുന്നില്ല.

വെണ്ടർ ലൈസൻസ് കൈമാറ്റം

133 (1863) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റാമ്പ് വെണ്ടർമാർക്ക് പ്രായാധിക്യം കാരണം ജോലിചെയ്യാൻ പറ്റാത്ത സാഹചര്യത്തിൽ വെണ്ടർ ലൈസൻസ് അവരുടെ അനന്തരാവകാശികൾക്ക് കൈമാറ്റം ചെയ്യുന്നതിന് നിയമം ഉണ്ടോ; എങ്കിൽ അതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഇല്ല; ബാധകമല്ല.

(ബി) സ്റ്റാമ്പ് വെണ്ടർമാർ മരണപ്പെടുന്ന സാഹചര്യങ്ങളിൽ വെണ്ടർ ലൈസൻസ് അവരുടെ അനന്തരാവകാശിക്ക് കൈമാറുന്നതിന് നിയമമുണ്ടോ; എങ്കിൽ അതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

കേരള മുദ്രപത്ര നിർമ്മാണവും വില്പനയും, 1960 ചട്ടം 35(22) അനുസരിച്ച് ലൈസൻസുള്ള സ്റ്റാമ്പ് വെണ്ടറുടെ മരണം സംഭവിക്കുന്നത് 65 വയസ്സ് പൂർത്തിയാകുന്നതിന് മുമ്പാണെങ്കിൽ, മറ്റു നിയമാനുസൃത അനന്തരാവകാശികൾ യഥാവിധി അധികാരപ്പെടുത്തിയ ഒരു നിയമാനുസൃത അനന്തരാവകാശി ആരെങ്കിലും ഉള്ള പക്ഷം, അയാൾ വെണ്ടറായി നിയമിക്കപ്പെടുവാൻ മറ്റുവിധത്തിൽ യോഗ്യത ഉണ്ടായിരിക്കുകയും മരണത്തീയതി മുതൽ മൂന്നു മാസത്തിനുള്ളിൽ ജില്ലാ ട്രഷറി ഓഫീസർ മുമ്പാകെ അപേക്ഷിക്കുകയും ചെയ്യുന്നുവെങ്കിൽ ലൈസൻസുള്ള സ്റ്റാമ്പ് വെണ്ടറായി നിയമിക്കാവുന്നതാണ്. എന്നാൽ, സംസ്ഥാനത്ത് ഇ-സ്റ്റാമ്പിങ് പൂർണ്ണമായി നടപ്പിലാക്കുന്ന പശ്ചാത്തലത്തിൽ ഇത്തരം സാഹചര്യങ്ങളിൽ നിലവിൽ സ്പെഷ്യൽ സ്റ്റാമ്പ് വെണ്ടർ ലൈസൻസാണ് നൽകിവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly